## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1543** — **02.07.2015 - ൽ മറുപടിക്ക്**

### ചീങ്ങേരി ട്രൈബൽ സ്കീം എക്സ്റ്റൻഷൻ ഫാം

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) വയനാട് ജില്ലയിൽ ചീങ്ങേരി ട്രൈബൽ സ്കീം എക്സ്റ്റൻഷൻ ഫാമിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര തൊഴിലാളികൾ പണിയെടുത്തുവെന്ന് അറിയിക്കുമോ ; | എ) 34 കാഷ്വൽ തൊഴിലാളികൾ. |
| ബി) അവർ എത്ര കാലമായി അവിടെ പണിയെടുത്തുവരുന്നുവെന്ന് വെളിപ്പെടുത്തുമോ; | ബി) 1978 മുതൽ 9 തൊഴിലാളികൾ, 1982 മുതൽ 12 തൊഴിലാളികൾ, 2000 മുതൽ 13 തൊഴിലാളികൾ. |
| സി) ഇവരെ ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവർക്ക് നൽകിവരുന്ന വേതനത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | സി) കാഷ്വൽ തൊഴിലാളികൾ (ദിവസക്കൂലി അടിസ്ഥാനത്തിൽ).<br>1978 മുതൽ 1982 വരെ ജോലിയിൽ പ്രവേശിച്ച 21 പേർക്ക് സീനിയോറിറ്റി പ്രകാരം 15 വർഷം കഴിഞ്ഞതിനാൽ ദിവസക്കൂലി 360 രൂപ അടിസ്ഥാന വേതനവും, ഡി.എ.യും (സർക്കാർ പ്രഖ്യാപിക്കുന്നതനുസരിച്ച്) നിലവിലുള്ള ഇ.പി.എഫ്. നിയമ പ്രകാരം 12% ഇ.പി.എഫ്. തുകയും അടയ്ക്കുന്നുണ്ട്.<br>2000 മുതൽ ജോലിയിൽ പ്രവേശിച്ച 13 പേർക്ക് ദിവസക്കൂലിയായി 350 രൂപ അടിസ്ഥാന വേതനവും, ഡി.എ.യും (സർക്കാർ പ്രഖ്യാപിക്കുന്നതനുസരിച്ച്) നിലവിലുള്ള ഇ.പി.എഫ്. നിയമ പ്രകാരം 12% ഇ.പി.എഫ്. തുകയും അടയ്ക്കുന്നുണ്ട്. |
| ഡി) ഈ തൊഴിലാളികളെ സ്ഥിരം/ കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കുന്നതിന് ഏതെങ്കിലും യൂണിയനുകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>ഇ) പ്രത്യേക പരിഗണനയർഹിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ഈ ഫാമിലെ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കി മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിന് ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ? | ഡി) & ഇ) കേരള സ്റ്റേറ്റ് ഗവൺമെന്റ് ഫാം വർക്കേഴ്സ് യൂണിയൻ (CITU), കേരള സ്റ്റേറ്റ് ഗവൺമെന്റ് അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ഫെഡറേഷൻ (AITUC) എന്നീ യൂണിയനുകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ട്.<br>ചീങ്ങേരി കോളനിയിലെ ആദിവാസി കുടുംബങ്ങളുടെ ക്ഷേമത്തിനായി 1958-ലാണ് ഫാം ആരംഭിച്ചത്. ഫാമിന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ട്രൈബൽ വകുപ്പിനും ഫാം നടത്തിപ്പിന്റെ ചുമതല കൃഷി വകുപ്പിനുമാണ്. കൂടാതെ ഫാമിൽ തൊഴിലാളികളെ നിയമിക്കുന്നത് ട്രൈബൽ വകുപ്പാണ്. ആകെയുള്ള 182 ഏക്കറിൽ 82 ഏക്കർ കൃഷി വകുപ്പിന്റെ കീഴിലും 100 ഏക്കർ ട്രൈബൽ വകുപ്പിന്റെ കീഴിലുമാണ്. |

സെക്ഷൻ ഓഫീസർ